പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1470 — 13-06-2014 ൽ മറുപടിക്ക്

# കൃഷി ജനകീയവും ലാഭകരവുമാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.കെ.പി. മോഹനൻ (കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ആധുനിക യന്ത്രവൽകൃത കൃഷി രീതികൾ കർഷകർക്കിടയിൽ വ്യാപകമാക്കുന്നതിനും കൃഷി കൂടുതൽ ജനകീയവും ലാഭകരവും ആക്കുന്നതിനും സ്വീകരിച്ച നടപടി എന്തൊക്കെയെന്ന് വിശദമാക്കുമോ; | (എ) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രി) ഓഫീസുകളുടെ പരിധിയിലായി 14 കസ്റ്റം ഹയറിംഗ് സെന്ററുകൾ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്നു. ബ്ലോക്കടിസ്ഥാനത്തിൽ 35 അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. തിരഞ്ഞെടുത്ത 200 കൃഷി ഭവനുകളുടെ കീഴിലായി കാർഷിക കർമ്മ സേനകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. നൂതന കാർഷിക യന്ത്രങ്ങളുടേയും ഉപകരണങ്ങളുടേയും പ്രവർത്തനം, കാര്യക്ഷമത, സ്വീകാര്യത എന്നിവ കർഷകർക്ക് പരിചയപ്പെടുത്തുന്ന പദ്ധതികൾ നടന്നുവരുന്നു. കൂടാതെ കർഷകർക്ക് ആനുകൂല്യ നിരക്കിൽ യന്ത്രങ്ങളും നൽകിവരുന്നു. കെയ്ക്കോയ്ക്ക് 5 കസ്റ്റം ഹയറിംഗ് സെന്റർ ഉണ്ട്. |
| (ബി) നിറവ് എന്ന പേരിൽ സംസ്ഥാന കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതിയിൽ എന്തൊക്കെയാണ് വിഭാവനം ചെയ്തിട്ടുള്ളത്; പ്രസ്തുത പദ്ധതി നിലവിൽ നടപ്പാക്കിയിട്ടുള്ളത് ഏതൊക്കെ സ്ഥലങ്ങളിലാണ്; ഇത് നടപ്പാക്കിയ സ്ഥലങ്ങളിൽ പ്രസ്തുത പദ്ധതി വിജയകരമാണോ; വിശദാംശം ലഭ്യമാക്കാമോ;<br>(സി) സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ബി)യും (സി)യും പ്രദേശത്തിന്റെയും മണ്ണിന്റെയും പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുന്നതിനും വിളകളുടെ വിസ്തൃതി കൂട്ടുന്നതിനും വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും മൂല്യം വർദ്ധിപ്പിക്കുന്നതിനും മൂല്യ വർദ്ധനവിലൂടെയും ഉല്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അനുബന്ധമേഖലകളായ കാലിവളർത്തൽ, കോഴിവളർത്തൽ, മത്സ്യകൃഷി, കൂൺകൃഷി, തേനീച്ച വളർത്തൽ എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിത്തു |

മുതൽ വിപണിവരെയുള്ള ഒരു സമഗ്ര കാർഷിക വികസന പദ്ധതിയാണ് നിറ എന്ന പേരിൽ വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതി കൂത്തുപറമ്പ്, പേരാമ്പ്ര, നാദാപുരം, ബാലുശ്ശേരി, കല്പറ്റ, കോട്ടക്കൽ, കൊടുങ്ങല്ലൂർ, പറവൂർ, തൊടുപുഴ, ചെങ്ങന്നൂർ, പത്തനാപുരം എന്നീ നിയോജകമണ്ഡലങ്ങളിലാണ് നടപ്പിലാക്കിയത്. നടപ്പിലാക്കിയ സ്ഥലങ്ങളിൽ പ്രസ്തുത പദ്ധതി വിജയകരമായിരുന്നു. ടി നിയോജക മണ്ഡലങ്ങളിൽ 737.58 ലക്ഷം രൂപയുടെ പദ്ധതികൾ കാർഷിക മേഖലയിൽ നടപ്പിലാക്കുന്നതിന് അനുമതി ലഭിക്കുകയും കഴിഞ്ഞ സാമ്പത്തിക വർഷം 637.12 ലക്ഷം രൂപ ചെലവാക്കുകയും ചെയ്തു. എല്ലാ നിയോജക മണ്ഡലങ്ങളിലും പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനം എടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ